GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.108/2025 31.10.2025

**ആശ്രയ – കർഷക സേവന കേന്ദ്രം സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (01.11.2025)**

കേരള കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ കർഷകർക്ക് കൂടുതൽ എളുപ്പത്തിലും വളരെ വേഗത്തിലും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി കർഷക സേവനകേന്ദ്രങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. 'ആശ്രയ' എന്ന പേരിൽ ആരംഭിക്കുന്ന കർഷക സേവനകേന്ദ്രങ്ങൾ കൃഷിവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ സേവനങ്ങളും കർഷകർക്ക് അനായാസം ലഭ്യമാക്കുവാൻ ആവശ്യമായ സേവന കേന്ദ്രമായി പ്രവർത്തിച്ച് സമയ ബന്ധിതമായും, വളരെ കൃത്യതയോടും, കാര്യക്ഷമമായും കർഷകർക്ക് കൃഷിയിടത്തിൽ തന്നെ ആവശ്യമായ ഡിജിറ്റൽ സേവനങ്ങൾ യഥാസമയം നേരിട്ട് നൽകുന്നു. വാതിൽപ്പടി സേവനങ്ങളായ നെല്ല് സംഭരണ രജിസ്ട്രേഷൻ, 'കൃഷി സമൃദ്ധി' പഞ്ചായത്തിലെ വിവര ശേഖരണം 'കതിർ' പോർട്ടലിലൂടെ, പി.എം. കിസാൻ രജിസ്ട്രേഷൻ ക്യാമ്പയിൻ തുടങ്ങിയവ ഉൾപ്പെടെ നൽകുന്ന കർഷകർക്ക് വേണ്ടിയുള്ള കർഷകരുടെ 'ഒരു വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷനായി' പ്രവർത്തിക്കുന്നതിന് ആശ്രയ കേന്ദ്രങ്ങളിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ആശ്രയ-കർഷക സേവന കേന്ദ്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം ബ്ലോക്ക് അഗ്രോ – സർവ്വീസ് സെന്ററുമായി ചേർന്ന് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വച്ച് ഇന്ന് (2025 നവംബർ മാസം 1-ന്) വൈകുന്നേരം 2 മണിക്ക് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിൽ ന്റെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**